"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോഴിക്കോട് കോർപറേഷൻ - 'ഓപ്പറേഷൻ ക്ലീൻ കോർപ്' എന്ന പേരിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ട് - എൽ.ഡി ക്ലാർക്ക് ശ്രീമതി. അഞ്ജു.ഇ.എം.-ന് എതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2694/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.05.2024 തീയതിയിലെ E14-(SC-63/2023/KKD) 33103/2023/DVACB നമ്പർ കത്തും അനുബന്ധ രേഖകളും .
2. 05.07.2025 തീയതിയിലെ ഇയു4/125/2025-തസ്വഭവ -നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
3. ശ്രീമതി. അഞ്ജു.ഇ.എം.- സമർപ്പിച്ച 18.09.2025 തീയതിയിലെ പ്രതിവാദ പത്രിക
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 03.10.2025 തീയതിയിലെ LSGD/PD/21952/2025-VIGD5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് കോർപറേഷനിലെ റവന്യൂ മെയിൻ വിഭാഗത്തിൽ 'ഓപ്പറേഷൻ ക്ലീൻ കോർപ്' എന്ന പേരിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 19/05/2023 തീയതിയിൽ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ കോഴിക്കോട് കോർപ്പറേഷൻ റവന്യൂ വിഭാഗം എൽ ഡി ക്ലാർക്ക് ആയിരുന്ന ശ്രീമതി. അഞ്ജു.ഇ.എം പതിവായി ക്യാഷ് ഡിക്ലറേഷൻ രേഖപ്പെടുത്തുന്നില്ലെന്ന് കണ്ടെത്തുകയും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ചേർക്കാതെ പണം കൈവശം വെക്കുന്ന ടിയാൾക്കെതിരെ വകുപ്പ്തലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്.

2. വിജിലൻസ് & കറപ്ഷൻ ബ്യൂറോയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കോഴിക്കോട് കോർപ്പറേഷനിലെ എൽ ഡി ക്ലാർക്ക് ആയിരുന്ന ശ്രീമതി. അഞ്ജു.ഇ.എം.-ന് എതിരായി കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ /പത്രിക , പ്രിൻസിപ്പൽ ഡയറക്ടർ മുഖേന അയച്ച് നൽകിയിരുന്നു.

3. കുറ്റാരോപണ മെമ്മോ /പത്രിക -യ്ക്ക് പരാമർശം(3) പ്രകാരം ടിയാൾ സമർപ്പിച്ച പ്രതിവാദ പത്രികയിൽ, കോഴിക്കോട് നഗരസഭയിൽ റവന്യൂ വിഭാഗത്തിലെ എറ്റവും തിരക്ക് പിടിച്ച സെക്ഷനായ എ2 വിഭാഗത്തിലാണ് പ്രസ്തുത കാലയളവിൽ ജോലി ചെയ്തിരുന്നതെന്നും

കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ച 19/05/2023 തീയതിയും അതിനോടനുബന്ധിച്ച ദിവസങ്ങളിലും സെക്ഷനിലെ അമിതമായ ജോലിതിരക്കും Infertility Treatment നടന്ന് വരുന്നതിന്റെ ഭാഗമായുള്ള മാനസിക സമ്മർദ്ദവും ശാരീരിക ബുദ്ധിമുട്ടുകളും കാരണമാണ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്താൻ മറന്ന് പോയതെന്നും സാധാരണ നിലയിൽ സെക്ഷനിൽ ഓഫീസ് സമയത്തിന് മുൻപ് തന്നെ പൊതുജനങ്ങൾ വന്ന് കാത്ത് നിൽക്കാറുണ്ടെന്നും ടി സാഹചര്യത്തിൽ എത്രയും പെട്ടെന്ന് പൊതുജനങ്ങൾക്ക് ആവശ്യമായ സേവനം നൽകുന്നതിന് വേണ്ടി ധൃതിപ്പെട്ട് സെക്ഷനിലെ ജോലി ചെയ്യാൻ വേണ്ടി പോയതിനാലാണ് ഇത്തരത്തിലുള്ള ഒരു വീഴ്ച ഉണ്ടായതെന്നും ഇത് ബോധപൂർവ്വം സംഭവിച്ചതല്ലെന്നും പ്രസ്തുത വിവരം അന്നേ ദിവസം പരിശോധനക്കെത്തിയ വിജിലൻസ് ഓഫീസറെ നേരിട്ട് ബോധിപ്പിച്ചിട്ടുള്ളതാണെന്നും സ്ഥിരമായി ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാറില്ലെന്നും ആയതിനാൽ തന്റെ ഭാഗത്ത് നിന്നും ബോധപൂർവ്വമല്ലാതെ സംഭവിച്ച ഈ വീഴ്ച മാപ്പാക്കി തുടർ നടപടികളിൽ നിന്ന് ഒഴിവാക്കിത്തരണമെന്നും പ്രതിവാദ പത്രികയിൽ ശ്രീമതി. അഞ്ജു.ഇ.എം ആവശ്യപ്പെട്ടിരുന്നു.

4. ശ്രീമതി. അഞ്ജു.ഇ.എം സമർപ്പിച്ച പ്രതിവാദ പത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (4) അഭിപ്രായക്കുറിപ്പിൽ, സർക്കാർ ഉദ്യോഗസ്ഥൻ ഓഫീസിൽ എത്തിയാൽ നിർബന്ധമായും ചെയ്യേണ്ട രണ്ട് കാര്യങ്ങളാണ് ഒന്ന് ഹാജർ പുസ്തകത്തിൽ ഒപ്പ് വെക്കലും മറ്റൊന്ന് കൈയ്യിലുള്ള പണം സംബന്ധിച്ച് രജിസ്റ്ററിൽ ഓൺലൈനിൽ രേഖപ്പെടുത്തലുകൾ വരുത്തലും എന്നും ആയതിനാൽ ശ്രീമതി അഞ്ജു ഇ.എം ന്റെ ഭാഗത്തുനിന്നും ടി വിഷയത്തിൽ വീഴ്ചയുണ്ടായതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ടിലെ കണ്ടെത്തലുകൾ, ശ്രീമതി അഞ്ജു ഇ.എം സമർപ്പിച്ച പ്രതിവാദ പത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സർക്കാർ ഉദ്യോഗസ്ഥൻ ഓഫീസിൽ എത്തിയാൽ നിർബന്ധമായും ചെയ്യേണ്ടതാണ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശം വെക്കുന്ന പണം യഥാസമയം രേഖപ്പെടുത്തൽ വരുത്തുന്നത് എന്നതിനാൽ ഈ വിഷയത്തിൽ എൽ ഡി ക്ലാർക്ക് ആയിരുന്ന ശ്രീമതി. അഞ്ജു.ഇ.എം-ന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു.

6. ആയതിനാൽ പതിവായി ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ചേർക്കാതെ പണം കൈവശം വെക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് കോർപ്പറേഷനിലെ എൽ ഡി ക്ലാർക്ക് ആയിരുന്ന ശ്രീമതി. അഞ്ജു.ഇ.എം-ന് എതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് മൂന്ന് മാസക്കാലത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി. അഞ്ജു.ഇ.എം ,എൽ ഡി ക്ലാർക്ക് , കോഴിക്കോട് കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

വജിലൻസ് (എഫ്) വകുപ്പ്(14.05.2025 തീയതിയിലെ വിജി-എഫ്2/157/2025-വിജി നമ്പർ കത്ത് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/125/2025-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 06-11-2025 16:55:13

സെക്ഷൻ ഓഫീസർ